WEDNESDAY                24/09/2025                ബുധനാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor:** SINDHU. KS    **Editor:** Dr. V. Krishnadas



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 24/09/2025

1. രാഷ്ട്രീയ കൃഷി വികാസ് യോജന പെർ ഡ്രോപ്പ് മോർ ക്രോപ്പ് പദ്ധതിയിലൂടെ സൂക്ഷ്മ ജലസേചന സംവിധാനങ്ങൾ സ്ഥാപിക്കാൻ അപേക്ഷ ക്ഷണിച്ചു. ഡ്രിപ്പ്, സ്പ്രിങ്ക്ളർ എന്നിവയ്ക്ക് 40–55 ശതമാനം വരെ സബ്സിഡി ലഭിക്കും. സൂക്ഷ്മ ജലസേചന സംവിധാനങ്ങളുമായി ചേർന്നുള്ള മഴവെള്ള സംഭരണികൾ, കുളങ്ങൾ, കിണറുകൾ, ജലസഭരണികളുടെ നവീകരണം, പമ്പുകൾ എന്നിവയ്ക്കും സഹായം ലഭിക്കും. അപേക്ഷാ ഫോം ആനയറ വേൾഡ് മാർക്കറ്റിലുള്ള തിരുവനന്തപുരം കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ലഭിക്കും. ഈ പദ്ധതിയിലുൾപ്പെടുത്തി സൂക്ഷ്മ ജലസേചനത്തിനായി വിളകൾ തമ്മിലുള്ള അകലവും സ്ഥല വിസ്തൃതിയും കണക്കിലെടുത്താണ് ആനുകൂല്യം നൽകുന്നത്. അപേക്ഷകന്റെ ഫോട്ടോ, ആധാർ കാർഡിന്റെ കോപ്പി, കരമടച്ച രസീത്, ബാങ്ക് പാസ്സ്ബുക്കിന്റെ കോപ്പി, കൃഷി ഓഫീസറുടെ സാക്ഷ്യപത്രം മുതലായ രേഖകളോടൊപ്പം അപേക്ഷ ഫോം പൂരിപ്പിച്ച് ആനയറ വേൾഡ് മാർക്കറ്റിലുള്ള തിരുവനന്തപുരം കൃഷി അസിസ്റ്റന്റ്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ ഓഫീസിൽ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക്: 9400517990, 9400988557, 8075892092.

2. തിരുവനന്തപുരം ആനയറ വി എഫ് പി സി കെ കൃഷി ബിസിനസ്സ് കേന്ദ്രയിൽ വിവിധ ഇനങ്ങളിലുള്ള തെങ്ങിൻ തൈകൾ, മാവിൻ തൈകൾ, പ്ലാവിനങ്ങൾ, റംബൂട്ടാൻ, കമുക്, കുരുമുളക് വള്ളികൾ, ജൈവ ഉത്പാദനോപാധികൾ, ചാണകപ്പൊടി (സമ്പുഷ്ടീകരിച്ചത്), വേപ്പിൻപിണ്ണാക്ക്, എല്ലുപൊടി, മീൻവളം, കപ്പലണ്ടിപ്പിണ്ണാക്ക്, ബ്യൂവേറിയ, വെർട്ടിസീലിയം, ട്രൈക്കോ ഡെർമ, മെറ്റാറൈസിയം, എന്നിവയും വാഴ കൃഷിക്കും പച്ചക്കറി കൃഷിക്കും ആവശ്യമായ അയർ തുടങ്ങിയവ വിൽപനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ – 8289907652, 9495311486.

3. റബ്ബറിന്റെ വളപ്രയോഗത്തെക്കുറിച്ച് അറിയാൻ റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഇതുസംബന്ധമായ ചോദ്യങ്ങൾക്ക് റബ്ബർബോർഡിലെ ഡെവലപ്മെന്റ് ഓഫീസർ ദിലീപ് സി.എൽ. ഇന്ന്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

(2025 സെപ്റ്റംബർ 24 ബുധനാഴ്ച) രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ മറുപടി നൽകുന്നതാണ്. കോൾസെന്റർ നമ്പർ 04812576622.

4. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലേക്കുള്ള അംശദായം അടയ്ക്കുന്നതിൽ 24 മാസത്തിൽ കൂടുതൽ കുടിശ്ശിക വരുത്തി അംഗത്വം നഷ്ടപ്പെട്ട തൊഴിലാളികൾക്ക് അംഗത്വം പുതുക്കാൻ അവസരം. തൊഴിലാളികൾക്ക് 10 വർഷത്തെ അംശദായ കുടിശ്ശികയും പിഴയും ഡിസംബർ 10 വരെ ജില്ലാ ഓഫിസിൽ അടച്ച് അംഗത്വം പുതുക്കാം. കുടിശ്ശിക വരുത്തിയ ഓരോ വർഷത്തിനും 10 രൂപ നിരക്കിൽ പിഴ ഈടാക്കും. 60 വയസ്സ് പൂർത്തിയാക്കിയ അംഗങ്ങൾക്ക് അംഗത്വം പുനഃസ്ഥാപിക്കാൻ സാധിക്കില്ല. മറ്റൊരു അവസരം ഉണ്ടാകില്ല എന്നിരിക്കെ അംഗത്വം പുനഃസ്ഥാപിക്കുന്നതിനുള്ള ഈ അവസരം പ്രയോജനപ്പെടുത്തണമെന്ന് എറണാകുളം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. കുടിശ്ശിക അടക്കാൻ വരുന്നവർ ബാങ്ക് പാസ്സ്ബുക്ക്, ജനന സർട്ടിഫിക്കറ്റ് എന്നിവയുടെ കോപ്പി, ഫോട്ടോ, ഫോൺ നമ്പർ, ഐഡി കാർഡ് തുകയായ 25 രൂപ എന്നിവ കൊണ്ടുവരണം. ഫോൺ: 0484 2945230.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. 2025 വർഷത്തിൽ റബ്ബർമരങ്ങളിൽ റെയിൻഗാർഡുചെയ്യുകയോ മരുന്നുതളി നടത്തുകയോ ചെയ്യുതിനുള്ള ധനസഹായത്തിന് റബ്ബറുത്പാദകസംഘങ്ങൾ (RPS) ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കാനുള്ള അവസാനതീയതി 2025 ഒക്ടോബർ 15-ലേക്ക് നീട്ടിയിരിക്കുന്നു. അപേക്ഷകൾ സമർപ്പിക്കാനുള്ള റബ്ബറുത്പാദകസംഘങ്ങൾ നിശ്ചിത തീയതിക്കകം അപേക്ഷകൾ സമർപ്പിക്കാൻ താൽപര്യപ്പെടുന്നു. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള റബ്ബർബോർഡ് റീജിയണൽ ഓഫീസുകളോ ഫീൽഡ് സ്റ്റേഷനുകളോ ആയി ബന്ധപ്പെടുകയോ റബ്ബർബോർഡ് വെബ്സൈറ്റ് (www.rubberboard.gov.in) സന്ദർശിക്കുകയോ ചെയ്യുക.

**പരിശീലന പരിപാടി**

6. പത്തനംതിട്ട ജില്ലയിലെ മഞ്ഞാടി ഡക്ക് ഹാച്ചറി & ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ 2025 സെപ്റ്റംബർ 24, 25 തീയതികളിൽ "എരുമ വളർത്തൽ " എന്ന വിഷയത്തിൽ 2 ദിവസത്തെ സൗജന്യ പരിശീലനം നടത്തുന്നു. പങ്കെടുക്കാൻ താല്പര്യമുള്ളവർ 0469-2965535 എന്ന

നാഷണൽ ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നമ്പരിൽ ഓഫീസ് പ്രവർത്തന സമയത്ത് മുൻകൂട്ടി വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ് .

7. ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ വെച്ച് **ശാസ്ത്രീയ കറവപ്പശു പരിപാലനം'** എന്ന വിഷയത്തിൽ സൗജന്യ പരിശീലനം സംഘടിപ്പിക്കുന്നു. 2025 സെപ്റ്റംബർ 25 വ്യാഴാഴ്ച രാവിലെ 10മണി മുതൽ 5 മണി വരെയാണ് പരിശീലനം. പരിശീലനത്തിന് പങ്കെടുക്കാൻ താൽപ്പര്യമുള്ള കർഷകർ **0494-296 2296** എന്ന നമ്പരിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

8. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻറ ആഭിമുഖ്യത്തിൽ **"പന്നി വളർത്തൽ"** എന്ന വിഷയത്തിൽ 24/09/2025 ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രം മലമ്പുഴയിൽ വച്ച് രാവിലെ 10.00 മണി മുതൽ 5.00 മണി വരെ സൗജന്യ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491-2815454 എന്ന നമ്പറിൽ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ 10.00 AM മുതൽ 5.00 PM വരെയുള്ള സമയത്ത് വിളിച്ച് മുൻകൂട്ടി രജിസ്റ്റർ

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ചെയ്യേണ്ടതാണ്. ആധാർ കാർഡിൻറെ പകർപ്പ് കൊണ്ടുവരേണ്ടതുമാണ്.

## കാർഷിക നിർദേശം

1. കഴിഞ്ഞ മാസം വളം നൽകാത്ത കമുകുകൾക്ക് ഈ മാസം ഒന്നാം ഗഡു രാസവളം ചേർക്കാം. കാലവർഷം അവസാനിക്കുന്നതോടെ കിളച്ചോ കൊത്തിയോ തോട്ടത്തിലെ മണ്ണ് ഇളക്കണം. മണൽ പ്രദേശങ്ങളിൽ ഈ കിളക്കൽകൊണ്ട് വേരുതീനിപ്പുഴുക്കൾ പുറത്തുവരികയും കാക്കകൾ കൊത്തി അവയെ നിയന്ത്രിക്കുകയും ചെയ്യും. ചാലുകൾ വൃത്തിയാക്കി നീർവാർച്ച മെച്ചപ്പെടുത്തണം. വെളിച്ചം കുറവുള്ള തോട്ടങ്ങളിൽ റോബസ്റ്റയോ, ഞാലിപ്പൂവനോ ഇടവിളയായി നടാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം